# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2078 06/02/2019-ൽ മറുപടിക്ക്

## വർദ്ധിച്ചു വരുന്ന ചികിത്സാ ചെലവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.ഷാഫി പറമ്പിൽ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | ചികിത്സാച്ചെലവ് വർദ്ധിച്ചുവരുന്നതുമൂലം ദരിദ്രരായി മാറുന്നവരുടെ ശതമാനത്തിൽ സംസ്ഥാനം മുൻപന്തിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | നിലവിൽ കേരളത്തിൽ പ്രതിശീർഷ ചികിത്സാചെലവ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. കേരളീയരുടെ ആരോഗ്യ ബോധവും അമിതമായ സ്പെഷ്യലൈസേഷൻ സംസ്കാരവും ഈ ചികിത്സാ ചെലവ് വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്. അതിനോടൊപ്പം ജീവിതശൈലിയിൽ വന്ന കാതലായ വ്യതിയാനത്തിന് അനുസൃതമായി ജീവിതശൈലീ രോഗങ്ങളും, അതിന്റെ മൂർദ്ധന്യാവസ്ഥകളും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ചികിത്സാചെലവ് വൻതോതിൽ കൂടുന്നതിന് കാരണമാകുന്നു. സംസ്ഥാനത്ത് ആയൂർദൈർഘ്യം വർദ്ധിച്ചതിനാൽ വയോജനങ്ങളുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ ഏറെ ഉയർന്നതും ചികിത്സാ ചെലവ് വർദ്ധിക്കുന്നതിന് കാരണമായി കണക്കാക്കപ്പെടുന്നു. |
| ബി) | ആരോഗ്യ സംബന്ധമായ കാര്യങ്ങളിൽ പൊതുമേഖലയിലെ സൗകര്യങ്ങൾ പര്യാപ്തമല്ലാത്തതിനാൽ ജനങ്ങൾ സ്വകാര്യമേഖലയെ കൂടുതലായി ആശ്രയിക്കേണ്ട സ്ഥിതിവിശേഷം ഉണ്ടോ; | ബി) | സംസ്ഥാനത്തെ ആരോഗ്യ മേഖല വികസിത രാജ്യങ്ങളോട് കിടപിടിക്കത്തക്കവണ്ണം സുശക്തമാണ്. ലഭിക്കാവുന്നതിൽ വച്ച് ഏറ്റവും നല്ല ആരോഗ്യ പരിരക്ഷയും ചികിത്സാ സംവിധാനങ്ങളുമാണ് പൊതുജനാരോഗ്യ രംഗത്ത് പ്രധാന കണ്ണികളാകുന്ന, ആരോഗ്യ കേന്ദ്രങ്ങൾ വഴി നൽകി വരുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്ന പ്രക്രിയ ആരംഭിച്ചതിനാൽ പ്രാഥമികാരോഗ്യ രംഗം ഏറെ ശക്തിപ്പെട്ടു വരുന്നുണ്ട്. ജില്ലാ-താലൂക്ക് ആശുപത്രികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തിയും കൂടുതൽ സ്പെഷ്യാലിറ്റിയും ആരംഭിക്കുകയും ചെയ്യുക വഴി ഇവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ സ്വകാര്യ മേഖലയിലുള്ള ആശുപത്രികളെ ജനങ്ങൾ ആശ്രയിക്കുന്നത് പൊതുമേഖലയിലെ സൗകര്യങ്ങളുടെ അപര്യാപ്തത കൊണ്ടു മാത്രമല്ല മറിച്ച് സൂപ്പർ സ്പെഷ്യലൈസേഷനോടും നക്ഷത്രസൗകര്യങ്ങളുള്ള ആശുപത്രികളോട് അഭികാമ്യത വർദ്ധിച്ചുവരുന്നതു കൊണ്ടുകൂടിയാണ്. |
| സി) | സ്വകാര്യ ആശുപത്രികളിൽ അനാവശ്യ പരിശോധനകൾക്കും ചികിത്സകൾക്കും രോഗികൾ | | സ്വകാര്യ ആശുപത്രികളിൽ അനാവശ്യ പരിശോധനകൾക്കും ചികിത്സക്കും ജനങ്ങൾ വിധേയമാകുന്നു എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വിധേയരാകേണ്ടി വരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | സി) യും ഡി) യും | കേരളത്തിലെ ചികിത്സാ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിനായി സുതാര്യമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018, 01/01/2019 തീയതി മുതൽ മോഡേൺ മെഡിസിൻ (ദന്തചികിത്സ ഉൾപ്പെടെ) വിഭാഗത്തിൽ ആദ്യഘട്ടമായി മൂന്ന് ജില്ലകളിൽ നിലവിൽ വന്നിട്ടുണ്ട്. ഈ നിയമം പൂർണ്ണതോതിൽ നടപ്പിൽ വരുന്നതോടെ ഇത്തരത്തിലുള്ള അനഭിലഷണീയമായ പ്രവണതകൾ ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് കഴിയുന്നതാണ് |
| ഡി) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം പ്രാവർത്തികമാകുന്നതോടുകൂടി ഇത്തരത്തിലുള്ള അനഭിലഷണീയമായ പ്രവണതകൾ നിയന്ത്രിക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; | | |
| ഇ) | പ്രസ്തുത നിയമ പ്രകാരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശത്തോട് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെയും ക്ലിനിക്കുകളുടെയും പ്രതികരണം എന്തെന്ന് വ്യക്തമാക്കുമോ? | ഇ) | കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 നിയമം പ്രാബല്യത്തിൽ വരുത്തിയ മൂന്ന് ജില്ലകളിൽ (തൃശ്ശൂർ, പാലക്കാട്, മലപ്പുറം) 01/01/2019 ന് മോഡേൺ മെഡിസിൻ (ദന്തചികിത്സ ഉൾപ്പെടെ) വിഭാഗത്തിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചിട്ടേയുള്ളൂ. സ്വകാര്യ ക്ലിനിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷനായി അപേക്ഷകൾ ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ